ഗവൺമെന്റ് പ്രസ്സുകളിൽ ഓഫ് സെറ്റ് പ്രിന്റിംഗ്

43 (1951) ശ്രീ. വി. ബാലറാം :

ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളിൽ ഓഫ്സെറ്റ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്പോൾ ലറ്റർ പ്രസ്സ് സംവിധാനം നിലവിലുള്ള ഏതൊക്കെ പ്രസ്സുകളിലാണ് ഈ സംവിധാനം ഉണ്ടാക്കുന്നത് ;

(സി) ഓഫ്സെറ്റ് പ്രിന്റിംഗ് സമ്പ്രദായം നടപ്പിലാക്കുവാൻ സർക്കാർ ഇതുവരെ എന്തുതുക ചെലവാക്കിയിട്ടുണ്ട് ;

(ഡി) ഓഫ്സെറ്റ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി ഇതുവരെ എത്ര ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീനുകളും ഡി.റ്റി.പിയും പ്രൊഡക്ഷൻ ക്യാമറകളും പ്ലേറ്റ് പ്രിന്ററും വാങ്ങിയിട്ടുണ്ട് ;

(ഇ) ഇവ ആരിൽ നിന്നെല്ലാമാണ് വാങ്ങിയത് ;

(എഫ്) ഇവയ്ക്കുവേണ്ടി കമ്മീഷൻ വിളിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരൊക്കെ എത്ര തുക വീതം കമ്മീഷൻ കൊടുത്തു ;

(ജി) ഇവയുടെ ഓരോന്നിന്റേയും വാങ്ങിയ വിലയെത്രയാണ് ;

(എച്ച്) ഇവ ഏതെല്ലാം പ്രസ്സുകൾക്കു വേണ്ടിയാണ് വാങ്ങിയത് ;

(ഐ) ഇവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തനക്ഷമമാണ് ;

(ജെ) പുതുതായി വാങ്ങിയ പ്രസ്തുത മെഷീനുകളിൽ ഏതെങ്കിലും പ്രവർത്തിക്കാതെയുണ്ടോ ;

(കെ) ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ ;

(എൽ) വാങ്ങിയ മെഷീനുകളെല്ലാം ഗുണമേന്മയുള്ളവയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(എം) ഈ പരിശോധനയിൽ ഇവയുടെ ഗുണമേന്മ ബോദ്ധ്യമായിട്ടുണ്ടോ ;

(എൻ) ഇവയിൽ ഗുണമേന്മയില്ലാത്ത മെഷീനുകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ;

(ഒ) ഗുണമേന്മയില്ലാത്ത മെഷീനുകൾ വാങ്ങുന്നതിനുത്തരവാദി ആര് ; അവരുടെമേൽ എന്തെല്ലാം നടപടികളെടുത്തു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാഴൂർ, മണ്ണന്തല ഗവൺമെന്റ് പ്രസ്സുകളിൽ പൂർണ്ണതോതിലും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽപ്രസ്സ്, ഷൊർണ്ണൂർ ഗൺമെന്റ് പ്രസ്സ് എന്നിവിടങ്ങളിൽ ഭാഗികമായും ഓഫ്സെറ്റ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള ഗവൺമെന്റ് പ്രസ്സുകളിൽ കൂടി ഓഫ്സെറ്റ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇപ്പോൾ ലറ്റർ പ്രസ്സ് സംവിധാനം നിലവിലുള്ള ഷൊർണ്ണൂർ, എറണാകുളം, കണ്ണൂർ, വയനാട്, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് എന്നിവിടങ്ങളിലെ സർക്കാർ പ്രസ്സുകളിൽ ഓഫ്സെറ്റ് സംവിധാനം ഘട്ടം ഘട്ടമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(സി-കെ) വിവരം ശേഖരിച്ചു വരുന്നു.

(എൽ) പരിശോധിച്ചിട്ടുണ്ട്.

(എം) ഉണ്ട്.

(എൻ) ഇല്ല.

(ഒ) ചോദ്യം ഉദിക്കുന്നില്ല.

പുതിയ പ്രിന്റിംഗ് മെഷീൻ

44 (1952) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിന്റെ ആവശ്യത്തിനുവേണ്ടി പുതുതായി വാങ്ങിയ റിസോഗ്രാഫ് പ്രിന്റിംഗ് മെഷീനിൽ അത് നൽകിയ കമ്പനി ശുപാർശ ചെയ്ത പ്രകാരമുള്ള മഷിയാണോ ഉപയോഗിച്ചിട്ടുള്ളത് ;

(ബി) അല്ലെങ്കിൽ കാരണമെന്ത് ;

(സി) കമ്പനി ശുപാർശ ചെയ്ത പ്രകാരമുള്ള മഷി ഉപയോഗിക്കാത്തതു കൊണ്ട് പ്രസ്തുത പ്രിന്റിംഗ് മെഷീന് എന്തെങ്കിലും തകരാറ് ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം തകരാറുകളാണ് ഉണ്ടായിട്ടുള്ളത് ;

(ഇ) പ്രസ്തുത പ്രിന്റിംഗ് മെഷീൻ എന്ത് തുകയ്ക്ക് എന്നാണ് വാങ്ങിയത് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കമ്പനി ശുപാർശ ചെയ്ത പ്രകാരമുള്ള മഷി ഈ മെഷീന് ഉപയോഗിക്കാത്തതുമൂലം മെഷീന് കേടുപാട് വന്ന വകയിൽ ഗവൺമെന്റിന് എന്ത് ചെലവ് വന്നിട്ടുണ്ട് ?

ഉത്തരം

(എ) അതെ.

LIBRARY ARCHIVES Kerala Legislative Assembly